**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2567** **06-10-2025 - ൽ മറുപടിയ്ക്ക്**

**എച്ച് - വൺ. ബി. വിസയും കേരള സമ്പദ്ഘടനയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്- വൺ. ബി. വിസയുടെ ഫീസ് കുത്തനെ കൂട്ടിയ അമേരിക്കൻ നടപടി കേരള സമ്പദ്ഘടനയെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ; | (എ) | ഇതു സംബന്ധിച്ച് സർക്കാർ പഠനങ്ങ ളൊന്നും നടത്തിയിട്ടില്ല. അതേ സമയം ലഭ്യമായ വിവരങ്ങളനുസരിച്ച് ഐ ടി മേഖലയിലെ സർവീസ് ലഭ്യമാക്കുന്ന കമ്പനികൾക്ക് എച്ച്-വൺ. ബി. വിസയുടെ ഫീസ് ഉയർത്തിയത് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കും. ഫിൻ ടെക് , ബിസിനസ് ആപ്ലിക്കേഷൻ (സോഫ്റ്റ്‌വെയർ ഡിവലപ്മെന്റ്) എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന കേരളം ആസ്ഥാനമായുള്ള ഐ.ടി കമ്പനികളുടെ പ്രധാനപ്പെട്ട മാർക്കറ്റ് യു.എസ് ആയതിനാൽ ടി കമ്പനികളെ റവന്യൂ വരുമാനത്തെ പുതിയ നടപടി സ്വാഭാവികമായും പ്രതികൂലമായി ബാധിക്കും. കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ.ടി കമ്പനികൾ അവരുടെ ജീവനക്കാരിൽ ഒരു വിഭാഗത്തെ ' ഓൺ സൈററ് ' ആയി യു.എസ് ലേയ്ക്ക് അയക്കാറുണ്ട്. ' ഓൺ സൈററ് ' ആയി യു.എസിൽ ജോലി ചെയ്യുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കേരളത്തിലേയ്ക്കുള്ള വിദേശ നാണ്യത്തിന്റെ ഇടിവിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നടപ്പ് വർഷ ബജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തികൾ ഒരു പരിധിവരെ ഈ പ്രതിസന്ധി പരിഹരിക്കുവാൻ ഉപകരിക്കുമെന്ന് കരുതുന്നു.<br><br>ആധുനിക സാങ്കേതിക വിദ്യകളും ആഗോള ബിസിനസ് രീതികളും പരിചയപ്പെടുത്തി തൊഴിൽ ലഭ്യമാക്കുന്ന നിർണ്ണായക ഘടകങ്ങളായ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (ജി.സി.സി) പ്രവർത്തനം ആരംഭിക്കുന്നതോടു കൂടി ഐ.ടി മേഖലയിൽ കേരളത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. |

| | | | |
|---|---|---|---|
| | | | ജി.സി.സി പാർക്കുകൾ സജ്ജീകരിക്കുന്നതിനും സാധ്യത പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും അഞ്ച് കോടി രൂപ നീക്കി വയ്ക്കുമെന്ന് 2025-26 ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്.<br><br>കൂടാതെ, 2 കോടി രൂപ അന്തർദേശീയ ജി.സി.സി കോൺക്ലേവ് സംഘടിപ്പിക്കുന്നതിനായി നീക്കിവയ്ക്കുമെന്നും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്.<br><br>ഇതോടൊപ്പം തന്നെ ഐടി മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സഹായിക്കുന്ന പദ്ധതികളാണ് ബജറ്റിൽ പ്രഖ്യാപിച്ച കണ്ണൂർ വിമാനത്താവളത്തിന് സമീപം 25 ഏക്കർ ക്യാമ്പസിൽ നിലവിൽ വരുന്ന ഐ.ടി പാർക്ക് , തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ , പൊതുമേഖല സ്ഥാപനങ്ങളുടെയോ ഭൂമിയിൽ ഐ.ടി പാർക്കുകൾ<br><br>സ്ഥാപിക്കുന്നത് , KIIFB , KINFRA , കൊല്ലം കോർപ്പറേഷൻ എന്നിവർ ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ കൊല്ലം നഗരത്തിൽ ഒരു ഐ.ടി പാർക്ക് എന്നിവ.<br><br>റിവേഴ്സ് മൈഗ്രേഷനെത്തുടർന്ന് യു.എസ്.എ യിൽ നിന്നും മടങ്ങിയെത്തുന്ന ഐ.ടി മേഖലയിൽ പ്രവർത്തന പരിചയമുള്ളവരുടെ സേവനം പ്രയോജനപ്പെടുമെന്നും ആയത് ടി മേഖലയിൽ മുന്നേറ്റം ഉണ്ടാക്കുമെന്നും കരുതുന്നു. |
| (സി) | ഈ നടപടി കേരളത്തിലെ ഐ. ടി. രംഗത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിലെ ഐ.ടി കമ്പനികൾ അവരുടെ ബിസിനസ് വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായിട്ട് കൂടിയാണ് എച്ച്- വൺ. ബി. വിസയെ കാണുന്നത്. ടി വിസയുടെ ഫീ ഉയർത്തിയ സാഹചര്യത്തിൽ കമ്പനികൾക്ക് കൂടുതൽ തുക മുടക്കേണ്ടി വരുന്നത് കമ്പനികളുടെ ബിസിനസ് വിപുലീകരണ ഉദ്യമങ്ങൾക്ക് വിഘാതമായി തീർന്നേക്കാം. |

സെക്ഷൻ ഓഫീസർ